(സി) സംയുക്ത പരിശോധന നടത്തി 1-1-1977-ന് ശേഷമുള്ള എല്ലാ കുടിയേറ്റങ്ങളും ഒഴിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി

131 (1931) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡി. സുഗതൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര ആദിവാസികളെ ഇതിനകം നിയമിച്ചിട്ടുണ്ട് ;

(സി) ഇവരുടെ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തത്തക്ക രീതിയിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ചു വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം പ്രത്യേക നിയമനങ്ങളോ അതിലേക്കായി സേവന വ്യവസ്ഥകളോ ഉദ്ദേശിക്കുന്നില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആദിവാസികൾക്ക് നൽകാനായി ലഭിച്ച വനഭൂമി

132 (1932) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നൽകുന്നതിനു വേണ്ടി സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമി ലഭ്യമായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly